LIBRARY ARCHIVES Kerala Legislative Assembly

ഇന്ദിര ആവാസ് യോജന

47 (3013) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാ ആവാസ് യോജന പ്രകാരം ഭവന നിർമ്മാണത്തിന് ഇപ്പോൾ നൽകിവരുന്ന ധനസഹായവും പരിധിയും എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) വീടിന്റെ ചുറ്റളവും ധനസഹായ പരിധിയും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇന്ദിരാ ആവാസ് യോജനയ്ക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് 70,000 രൂപയാണ്. ഇതിന്റെ 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. എന്നാൽ കേരളത്തിൽ എസ്.സി/ജനറൽ വിഭാഗങ്ങൾക്ക് 2 ലക്ഷവും എസ്റ്റി. വിഭാഗത്തിന് 2.5 ലക്ഷവുമാക്കി സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര മാനദണ്ഡപ്രകാരം ഐ.എ.വൈ. വീടുകൾക്കുള്ള കുറഞ്ഞ തറവിസ്തീർണ്ണം 20 ച.മീ. ആണ്. സംസ്ഥാന സർക്കാരിന്റെ 6-2-2013-ലെ സ. ഉ. (സാധാ) നമ്പർ 333/13/തസ്വഭവ ഉത്തരവിലൂടെ പരമാവധി തറ വിസ്തീർണ്ണം 66 ച.മീ. ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 2013-14 വരെ എഗ്രിമെന്റ് വച്ച് വീടുപണി പൂർത്തീകരിച്ച, തറ വിസ്തീർണ്ണം 66 ച.മീ-ൽ നിന്നും 25% അധികരിച്ച കുടുംബങ്ങൾക്കും ധനസഹായം അനുവദിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. (സ.ഉ (സാധാ) നമ്പർ 3186/14/തസ്വഭവ. തീയതി 3-12-2014)

ഗ്രാമീണ റോഡ് വികസനം

48 (3014) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലോക്ക് പഞ്ചായത്തുകളുടെ വികസന പദ്ധതിയിൽ റോഡുകൾക്ക് പണം അനുവദിച്ചതിന് മിനിമം തുക നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപ ; ഇത്തരം റോഡുകൾക്ക് മിനിമം വീതി പറഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;